

THURSDAY 08-09-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/09/2022.

1. കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആനയറ കാർഷിക നഗര വ്യാപാര മൊത്ത വിപണിയുടെയും വിപണിയിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെയും സംയുക്ത സംരംഭമായി **വേൾഡ് മാർക്കറ്റ് എക്സ്പോ 2022** ഈ മാസം 11 വരെ (സെപ്റ്റംബർ **11** വരെ) ആനയറ കാർഷിക നഗര വ്യാപാര മൊത്ത വിപണിയിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് പുത്തൻ കാർഷിക യന്ത്രങ്ങളുടെ പ്രദർശനം, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, ആധുനിക കൃഷി സമ്പ്രദായങ്ങളുടെ നേർക്കാഴ്ചകൾ, ഫാം ടൂറിസം, ഓണവിപണികൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു.

2. സെപ്റ്റംബർ മാസം മൃഗസംരക്ഷണ വകുപ്പ് പേവിഷ പ്രതിരോധ കുത്തിവയ്പ് മാസമായി ആചരിക്കുകയാണ്. എല്ലാ വർഷവും ഈ പ്രതിരോധ കുത്തിവയ്പ് യജ്ഞം സെപ്റ്റംബർ മാസത്തിൽ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ വളർത്തു നായ്ക്കൾക്കും സെപ്റ്റംബർ 15-നകം സൗജന്യ നിരക്കായ 30 രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പ് നൽകി വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ചോപ്പിംഗ് മെഷീൻ സെപ്റ്റംബർ 15-ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വെച്ച് ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. റബ്ബറുത്പന്നനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി സെപ്റ്റംബർ 16-ന് റബ്ബർബോർഡ് ഒരു 'വെർച്ചൽ ബയർ സെല്ലർ മീറ്റ്' സംഘടിപ്പിക്കുന്നു. ഇന്ത്യൻ വിപണിയിലെ പുതിയ ഉത്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക, വ്യാപാരബന്ധങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് റബ്ബർബോർഡിന്റെ വെർച്ചൽ ട്രേഡ് ഫെയർ (വിടിഎഫ്) പോർട്ടലായ https://vtf.rubberboard.org.in/rubberboard -ൽ മീറ്റ് സംഘടിപ്പിക്കുന്നത്. മീറ്റിൽ പങ്കെടുക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ളവർക്ക് വിടിഎഫ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷനുവേണ്ട അപേക്ഷയും ഉത്പന്നങ്ങളുടെ ലിസ്റ്റും vtf2021@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുകയോ ചെയ്യാം.

## പരിശീലന പരിപാടികൾ

5. കേരള കാർഷിക സർവകലാശാല, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സെപ്റ്റംബർ 14 മുതൽ 17 വരെ **മട്ടുപ്പാവ് കൃഷി**യിൽ നാല് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 2000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് അവസരം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0487 2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. **പാലക്കാട് ജില്ലയിലെ അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- കതിര് നിരന്നു കൊണ്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ ചാഴിയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ നെൽപ്പാടങ്ങളിൽ ഈ സമയത്ത് ഫിഷ് അമിനോ ആസിഡ് 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുക

- ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് രണ്ട് കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ രണ്ട് ഗ്രാം സ്ട്രേപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തി...